ദേശാഭിമാനി

## തൃശൂർ ജില്ലാ സബ് ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്

**തൃശൂർ**

ജില്ലാ സബ് ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ് 28ന് എടമുട്ടം കഴിമ്പ്രം ഗ്രൗണ്ടിൽ നടക്കും. 26ന് മുമ്പ് രജിസ്ട്രേഷൻ പൂർത്തീകരിക്കണം. 2008 ജനുവരി ഒന്നിനുശേഷം ജനിച്ചവർക്ക് പങ്കെടുക്കാം. 9048092229 നമ്പറിൽ ബന്ധപ്പെടണം.

സുപ്രഭാതം

# ചെന്ത്രാപ്പിന്നി എസ്.എൻ വിദ്യാഭവന് ഓവറോൾ ചാംപ്യൻഷിപ്പ്

തൃപ്രയാർ •കഴിമ്പ്രം വാഴപ്പുള്ളി ശ്രീ രാജരാജേശ്വരി ക്ഷേത്ര മൈതാനിയിൽ നടന്ന തൃശൂർ ജില്ലാ പെൺകുട്ടികളുടെ ത്രോ ബോൾ മത്സരത്തിൽ ചെന്ത്രാപ്പിന്നി എസ്.എൻ വിദ്യാഭവൻ ഓവറോൾ ചാംപ്യൻഷിപ്പ് നേടി. തൃശൂർ സെന്റ് ജോസഫ് സി.ജി.എച്ച്.എസ്.എസ് മിഷൻ കോട്ടേഴ്സ് രണ്ടാംസ്ഥാനം കരസ്ഥമാക്കി. എസ്.എൻ.എസ് സമാജം എടമുട്ടം സ്കൂൾ മൂന്നാംസ്ഥാനക്കാരായി. സമാപന സമ്മേളനത്തിൽ തൃശൂർ ജില്ലാ ത്രോ ബോൾ അസോസിയേഷൻ പ്രസിഡന്റ് വി.യു ഉണ്ണികൃഷ്ണൻ അധ്യക്ഷനായി.

വിജയികൾക്ക് വാഴപ്പുള്ളി ക്ഷേത്രം സെക്രട്ടറി വി.ആർ രാധാകൃഷ്ണൻ, ക്ഷേത്രം ട്രഷറർ വി.കെ ഹരിദാസ്, സംസ്ഥാന ത്രോ ബോൾ അസോസിയേഷൻ മെംബർ അരവിന്ദ് ബാബു എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. തൃശൂർ ജില്ലാ ടീമിലേക്കുള്ള കുട്ടികളുടെ തെരഞ്ഞെടുപ്പും നടന്നു. ഫെബ്രുവരി നാല്, അഞ്ച് തിയതികളിൽ നടക്കുന്ന സംസ്ഥാന ചാംപ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനുള്ള പരിശീലന ക്യാംപ് ഇന്നു വാഴപ്പുള്ളി ക്ഷേത്രം ഗ്രൗണ്ടിൽ തുടങ്ങും.





പെൺകുട്ടികളുടെ ജില്ലാ ത്രോബോൾ മത്സരത്തിൽ ഓവറോൾ ചാംപ്യൻഷിപ്പ് നേടിയ ചെന്ത്രാപ്പിന്നി എസ്.എൻ വിദ്യാഭവൻ ടീം

Thrissur Edition
Jan 30, 2023 Page No. 3
Powered by : eReleGo.com